# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 28      28.11.2018 -ൽ മറുപടിക്ക്.

### ഇ-പോസ് യന്ത്രങ്ങളുടെ തകരാർ പരിഹരിക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ടി.എ.അഹമ്മദ് കബീർ**<br>**,, അബ്ദുൽ ഹമീദ് പി.**<br>**,, എൻ. ഷംസുദ്ദീൻ**<br>**,, കെ.എം.ഷാജി** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) ഇ-പോസ് യന്ത്രം പ്രവർത്തിക്കാത്തതുമൂലം സംസ്ഥാനത്തെ റേഷൻ വിതരണം മുടങ്ങുന്നതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഇ-പോസ് യന്ത്രം കണക്ടിവിറ്റി പ്രശ്നം മൂലം ചില സമയങ്ങളിൽ പ്രവർത്തിക്കാതിരുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഉടനടി പ്രശ്നം പരിഹരിക്കപ്പെട്ടിട്ടുണ്ട്, ആയതിനാൽ റേഷൻ വിതരണം മുടങ്ങിയിട്ടില്ല. |
| (ബി) ഇ-പോസ് യന്ത്രങ്ങൾ പ്രവർത്തിക്കാത്തതിന്റെ കാരണം എന്താണെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തു നടപടി സ്വീകരിച്ചു എന്ന് അറിയിക്കുമോ ; | (ബി) സംസ്ഥാന ഐ.ടി മിഷന്റെ ക്ലൗഡ് സെർവറുകളുടെ സേവനം പ്രയോജനപ്പെടുത്തി വന്നിരുന്ന സമയത്ത് കണക്ടിവിറ്റി തകരാറുകൾ സംഭവിക്കുകയും ആയത് കണ്ടെത്തി അപ്പപ്പോൾ പരിഹരിക്കുകയും ചെയ്തിട്ടുണ്ട്. 2018 നവംബർ മാസം മുതൽ വകുപ്പ് സ്വന്തമായി വാങ്ങിയ കൂടുതൽ പ്രവർത്തന ശേഷിയുള്ള സെർവറുകളിലേക്ക് ഡാറ്റയും ആപ്ലിക്കേഷനുകളും മാറ്റിയിട്ടുണ്ട്. കൂടാതെ ഓരോ ഇ-പോസ് മെഷീനിലും രണ്ടു സിം ഉപയോഗിക്കുന്നതിനുള്ള സംവിധാനവും ഒരുക്കിയിട്ടുണ്ട്. |
| (സി) കാർഡ് ഉടമസ്ഥർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഗണിച്ച് എന്തെല്ലാം ബദൽ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | (സി) ഇ-പോസ് യന്ത്രം പ്രവർത്തിക്കാത്ത സന്ദർഭങ്ങളിൽ കാർഡുടമകൾക്ക് ബുദ്ധിമുട്ടുണ്ടാകാത്ത വിധത്തിൽ റേഷൻ വിതരണം നടത്തുന്നതിന് വേണ്ടി ഇ-പോസ് ഉപയോഗിക്കാതെ മാനുവൽ രീതിയിൽ വിതരണം നടത്തുന്നതിന് ഓണക്കാലത്ത് നിർദ്ദേശം നല്കിയിരുന്നു. കൂടാതെ ഏതെങ്കിലും റേഷൻ കടയിൽ മെഷീൻ പ്രവർത്തനക്ഷമമല്ലെങ്കിൽ മറ്റേതെങ്കിലും റേഷൻ കടയിൽ നിന്നും റേഷൻ വാങ്ങാവുന്ന വിധത്തിൽ "പോർട്ടബിലിറ്റി സംവിധാനം" നടപ്പിൽ വരുത്തിയിട്ടുമുണ്ട്. സെർവർ പ്രശ്നം മൂലം റേഷൻ വാങ്ങാൻ കഴിയാത്തവർക്ക് വേണ്ടി ഓരോ മാസത്തെ റേഷൻ വിതരണം പത്തു ദിവസം വരെ ദീർഘിപ്പിച്ചു നല്കിയിരുന്നു. |

*സെക്ഷൻ ഓഫീസർ*